## ഗോത്രവർഗ്ഗങ്ങളുടെ സംരക്ഷണത്തിനായി നടപടി

15 (163) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഗോത്രവർഗ്ഗങ്ങളുടെ സംരക്ഷണത്തിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വർഗ്ഗങ്ങളിൽപ്പെട്ടവരുടെ വിദ്യാഭ്യാസപുരോഗതിക്കായി ഗവൺമെന്റ് എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ഗോത്ര വർഗ്ഗങ്ങളെ നിലനിർത്തുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടേയും പ്രയോജനം ഗോത്രവർഗ്ഗക്കാർക്കും ലഭിക്കുന്നുണ്ട്. ഇതിനുപുറമേ കേന്ദ്ര സർക്കാരിന്റെ പ്രത്യേക നിഷ്ക്കർഷയനുസരിച്ച് ഗിരിവർഗ്ഗ ഉപ പദ്ധതിക്കുള്ള കേന്ദ്രസഹായനിധിയായി ലഭിക്കുന്ന തുകയിൽനിന്ന് ഏകദേശം 20 ശതമാനം തുകയും ആർട്ടിക്കിൾ 275 അനുസരിച്ച് കേന്ദ്രം അനുവദിക്കുന്ന തുകയുടെ ഒരു വിഹിതവും ഗോത്രവർഗ്ഗക്കാർക്കുമാത്രമുള്ള വികസനത്തിനായി നീക്കിവയ്ക്കുന്നുണ്ട്. ഇതനുസരിച്ച് ഭവനനിർമ്മാണം, സാമ്പത്തിക വികസനപരിപാടികൾ, ആരോഗ്യ പരിപാടികൾ, പട്ടിണിനിർമ്മാർജ്ജനം പരിപാടികൾ, വീട്ടുപയോഗസാധനങ്ങൾ വാങ്ങിക്കൊടുക്കൽ, കിണർ നിർമ്മാണം, മുതലായ പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ, 1998-99 വർഷം കേന്ദ്ര സർക്കാരിന്റെ ഗോത്രവർഗ്ഗക്കാർക്കു വേണ്ടിയുള്ള പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന 'രാസ്ത' എന്ന സന്നദ്ധ സംഘടനയ്ക്ക് 8.154 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പട്ടികവർഗ്ഗ സാക്ഷരത, പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണം, ചൂഷണത്തിനെതിരെയുള്ള ബോധവൽക്കരണം എന്നിവയ്ക്കായി ഉപയോഗിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ഗോത്ര വർഗ്ഗക്കാരുടെ വിദ്യാഭ്യാസം ലാക്കാക്കി വയനാട്ടിലെ നൂൽപ്പുഴയിലും മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും ഓരോ ആശ്രമം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ ഒരു ആശ്രമം സ്കൂൾ കൂടി പാലക്കാട് ജില്ലയിൽ ഈ വർഷം പ്രവർത്തനം ആരംഭിക്കുന്നതാണ്. കുട്ടികളെ സ്കൂളിൽ അയയ്ക്കുന്നതിന് വസ്ത്രം, ചെരുപ്പ്, കുട, ബാഗ് തുടങ്ങിയ സാധനങ്ങൾ നൽകുന്നതോടൊപ്പം സ്കൂളിൽ നിന്നുള്ള കുട്ടികളുടെ

LIBRARY ARCHIVES Kerala Legislative Assembly

കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്, ഇവരിൽ അഭ്യസ്തവിദ്യർക്ക് തൊഴിൽ മേഖലകളിലേക്ക് വഴികാട്ടിയായി പബ്ലിക് സർവ്വീസ് കമ്മീഷൻ ബുള്ളറ്റിൻ, കരിയർ മാഗസിൻ, എന്നീ ആനുകാലിക പ്രസിദ്ധീകരണങ്ങൾ സൗജന്യമായി നൽകുന്നുണ്ട്. ഗോത്ര വർഗ്ഗത്തിൽപ്പെട്ട എട്ടാം ക്ലാസ് വരെ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള യുവതി യുവാക്കളെ 1000 (ആയിരം) രൂപ ഓണറേറിയത്തിൽ സോഷ്യൽ ആക്റ്റിവിസ്റ്റുകളായി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിയമിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സൗകര്യം തീരെ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഏകാദ്ധ്യാപക സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

**യുവജന ക്ഷേമ പ്രവർത്തനങ്ങൾ**

16 (164) ശ്രീ. കെ. ബാബു :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീമതി ശോഭനാജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം തൊഴിലില്ലാത്തവരായ യുവജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട് ;

(ബി) ഇതിന്റെ ഫലമായി എത്ര യുവജനങ്ങൾക്ക് പ്രയോജനം കിട്ടിയിട്ടുണ്ട് ;

(സി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള തൊഴിൽരഹിതരായ എത്ര യുവജനങ്ങളെ ഈ നടപടിയുടെ ഫലമായി ദാരിദ്ര്യ രേഖയ്ക്കു മുകളിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ?

ഉത്തരം

(എ&ബി) യുവജനക്ഷേമ വകുപ്പു മുഖേന കണ്ണൂരിലെ നിർമ്മിതി കേന്ദ്രത്തിൽ വച്ച് ആശാരിപ്പണി, കൊത്തപ്പണി എന്നീ ഇനങ്ങളിൽ ഏഴ് മാസത്തെ പരിശീലനം തെരഞ്ഞെടുത്ത യുവാക്കൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ പരിശീലനം നേടിയവർ ഇപ്പോൾ നിർമ്മിതി കേന്ദ്രം ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്തു വരുന്നു. കൂടാതെ യുവാക്കളെ സ്വയംതൊഴിൽ കണ്ടെത്താൻ പ്രാപ്തരാക്കും വിധത്തിൽ പ്രത്യേക പരിശീലനം നൽകി വരുന്നു. മറ്റ് വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പരിപാടികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്കു താഴെ വരുന്ന തൊഴിൽരഹിതരായ 25 യുവാക്കൾക്ക് തിരുവനന്തപുരം ഐ.റ്റി.സി. മുഖേന ആശാരിപ്പണിയിലും, തൃശ്ശൂർ നിർമ്മിതി കേന്ദ്രം മുഖേന 25 യുവാക്കൾക്ക് 6 മാസം നീണ്ടുനിൽക്കുന്ന കൊത്തൻപണി പരിശീലനവും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 14 പട്ടിക്വർഗ്ഗ യുവതീ

LIBRARY ARCHIVES Kerala Legislative Assembly